>> കവർസ്റ്റോറി

അബ്ദുല്ലത്വീഫ് കൊടുവള്ളി

# വ്യാജദൈവങ്ങൾക്കെതിരെ ഖുർആനിക പ്രതിരോധം

**വിവിധ** മതങ്ങളുടെ പേരിൽ അണിയറയിലും അരങ്ങിലും വാഴുന്ന 'മനുഷ്യ ദേവീ ദേവന്മാരെ' കേരളം പുകച്ചു ചാടിച്ചുകൊണ്ടിരിക്കുമ്പോൾ, ഇക്കാര്യത്തിൽ ഇസ്‌ലാമിന്റെ കൃത്യവും കണിശവുമായ കാഴ്ചപ്പാടുകൾ സമൂഹമധ്യത്തിൽ വ്യാപകമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

വ്യാജ ദൈവവാദികൾക്കെതിരെ മതേതര പ്രതിരോധത്തിന് പ്രസക്തിയുണ്ടെങ്കിലും ആ ചെറുത്തുനിൽപ് ഉപരിപ്ലവവും താൽക്കാലികവും മാത്രമായിരിക്കുമെന്നാണ് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ഇപ്പോൾ തന്നെ 'ദൈവങ്ങളെ സംരക്ഷിക്കാൻ സംഘടിക്കുക' എന്ന ആഹ്വാനം മുഴങ്ങിക്കഴിഞ്ഞു. 'ഇബ്‌റാഹീമിനെ വധിച്ചോ അഗ്നിക്കിരയാക്കിയോ ദൈവങ്ങളെ സഹായിക്കുക' എന്ന നാലായിരം വർഷം മുമ്പത്തെ ആഹ്വാനത്തിന്റെ അസ്സൽ പകർപ്പ്! വ്യാജങ്ങളിൽതന്നെ 'ഒറിജിനൽ വ്യാജ'ത്തെ പിടികൂടിയാൽ മതിയെന്ന ആഹ്വാനവും കേൾക്കുന്നു. വമ്പൻ വ്യാജന്മാർ അങ്ങനെ രക്ഷപ്പെടുന്നു. 'അല്ലാഹു മാത്രാണ് പരമസത്യം. അവനെ കൂടാതെ അവർ വിളിച്ചു പ്രാർഥിക്കുന്നവയാണ് മിഥ്യ' (*അൽഹജ്ജ്* 62) എന്ന സൂക്തം, വ്യാജത്തെ തരംതിരിക്കരുതെന്ന് താക്കീത് ചെയ്യുന്നു. പ്രപഞ്ചത്തിലെ ഏറ്റവും ഭയാനകമായ തിന്മയായാണ് ബഹുദൈവസങ്കൽപത്തെ ഇസ്‌ലാം പരിചയപ്പെടുത്തുന്നത്. "അല്ലാഹുവാണ് നിന്നെ സൃഷ്ടിച്ചതെന്നിരിക്കെ, അവനിൽ നീ മറ്റുള്ളവരെ പങ്കു ചേർക്കുക എന്നതാണ് ഏറ്റവും വലിയ പാപം" (നബിവചനം). "തീർച്ചയായും ബഹുദൈവത്വം മഹാ അക്രമം തന്നെയാണ്" (*ലുഖ്മാൻ* 13). മഹാപാപമെന്നതുപോലെ ഭീകരമായ പതനവുമാണത്. "അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നവൻ ആകാശത്തുനിന്ന് വീണവനെ പോലെയാണ്. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിയെടുക്കുന്നു. അല്ലെങ്കിൽ കാറ്റ് അവനെ ഏതെങ്കിലും വിദൂരദിക്കിൽ കൊണ്ടുപോയി തള്ളുന്നു" (*അൽഹജ്ജ്* 31). യന്ത്ര ഊഞ്ഞാലിൽ മുന്നോട്ടായുമ്പോൾ ഹൃദയം നിലച്ചുപോകുന്ന നമുക്ക്, ആകാശത്തുനിന്ന് വീഴുന്നവന്റെ ഭയം ഊഹിക്കാവുന്നതേയുള്ളൂ. മനുഷ്യന് സംഭവിക്കാവുന്ന ഏറ്റവും വലിയ വ്യതിയാനമാണ് ബഹുദൈവ വിശ്വാസം. "ആര് അല്ലാഹുവിൽ പങ്കു ചേർക്കുന്നുവോ, അവൻ വിദൂരമായ വഴികേടിൽ അകപ്പെട്ടിരിക്കുന്നു" (*അൽമാഇദ* 12). വഴികെട്ടവർ മറ്റുള്ളവരെയും വഴികേടിലാക്കും. "മുമ്പ് വഴിതെറ്റുകയും ധാരാളം പേരെ വഴി തെറ്റിക്കുകയും ചെയ്തവരെ നിങ്ങൾ പിൻപറ്റരുത്" (*അൽമാഇദ* 77).

### ബുദ്ധിശാലികളുടെ മതം

എത്ര കരുതലോടെയിരുന്നാലും ബഹുദൈവത്വം നിങ്ങളെ സ്വാധീനിച്ചേക്കും. 'കറുത്ത രാത്രിയിൽ മിനുത്ത പാറയിൽ ഉറുമ്പരിക്കുന്നതുപോലെ'യാണ് ബഹുദൈവവിശ്വാസം ഹൃദയത്തിലേക്ക് നുഴഞ്ഞുകയറുകയെന്ന് പ്രമുഖ സ്വഹാബി ഇബ്നു അബ്ബാസ് നിരീക്ഷിച്ചിട്ടുണ്ട്. ലോകത്തെ ഏറ്റവും വലിയ വിവരക്കേടും യഥാർഥ ദൈവത്തിന് പങ്കാളികളെ സങ്കൽപിക്കലാണ്. "വിവരംകെട്ടവരേ, ഞാൻ അല്ലാഹു അല്ലാത്തവർക്ക് വഴിപ്പെടണമെന്നാണോ നിങ്ങളെന്നോടാവശ്യപ്പെടുന്നത്?" (*അസ്സുമർ* 64). അതുകൊണ്ടുതന്നെ ഏറ്റവും മഹത്തരമായ അറിവ് ഏകദൈവത്തെ അറിയേണ്ട വിധം അറിയുക എന്നതായിത്തീരുന്നു. "താനല്ലാതെ ദൈവമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും ജ്ഞാനികളുമെല്ലാം

അതിനു സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവൻ നീതി സ്ഥാപിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല... " (*ആലു ഇംറാൻ* 18). "അല്ലാഹു അല്ലാതെ ദൈവമില്ലെന്ന് താങ്കൾ അറിയണം" (*മുഹമ്മദ്* 19). ഈ അറിവിന്റെ അടിസ്ഥാനത്തിൽ ഏകദൈവവിശ്വാസത്തിലെത്തിച്ചേരുന്നവരാണ് യഥാർഥ ബുദ്ധിശാലികൾ. "അതിനാൽ, സത്യവിശ്വാസം സ്വീകരിച്ച ബുദ്ധിമാന്മാരേ, നിങ്ങൾ അല്ലാഹുവോട് ഭക്തിയുള്ളവരാവുക" (*അത്ത്വലാഖ്* 10).

ബഹുദൈവത്വത്തിന്റെ സത്യതക്ക് അണുമണിത്തൂക്കം തെളിവ് ഹാജരാക്കാനാവുമോ എന്ന് ഖുർആൻ വെല്ലുവിളിക്കുന്നുണ്ട്. "ചോദിക്കുക: അല്ലാഹുവെ വിട്ട് നിങ്ങൾ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഭൂമിയിൽ അവരെന്തു സൃഷ്ടിച്ചുവെന്ന് നിങ്ങളെനിക്കൊന്ന് കാണിച്ചുതരിക. അതല്ല; ആകാശങ്ങളുടെ സൃഷ്ടിയിൽ അവർക്ക് വല്ല പങ്കുമുണ്ടോ? തെളിവായി ഇതിനു മുമ്പുള്ള ഏതെങ്കിലും വേദമോ അറിവിന്റെ വല്ല ശേഷിപ്പോ ഉണ്ടെങ്കിൽ അതിങ്ങുകൊണ്ടുവരിക. നിങ്ങൾ സത്യവാദികളെങ്കിൽ!" (*അൽ അഹ്ഖാഫ്* 4).

## ബോധവത്കരണം അനിവാര്യം

നാനാതരം വിശ്വാസ വൈകൃതങ്ങളെക്കുറിച്ച് ഖുർആന്റെയും നബിവചനങ്ങളുടെയും അടിസ്ഥാനത്തിൽ യുക്തിദീക്ഷയോടെയും നയോപായം പാലിച്ചും ജനങ്ങളെ ബോധവത്കരിക്കാൻ ശക്തവും നിരന്തരവുമായ ശ്രമങ്ങൾ നടക്കേണ്ടതുണ്ട്. യുക്തിവാദികളുടെ 'ദിവ്യാത്ഭുത അനാവരണം' കൊണ്ട് വ്യാജ ദിവ്യത്വത്തെ തുറന്നുകാട്ടാനായെന്നു വരാം. പക്ഷേ, ഏകദൈവവിശ്വാസത്തെ സർഗാത്മകമായി ആവിഷ്കരിക്കാൻ അതുകൊണ്ടാവില്ല. യുക്തിവാദമാവട്ടെ മറ്റൊരു മിഥ്യയുമാണ്.

ബഹുദൈവ വിശ്വാസം അന്തിമമായി കേന്ദ്രീകരിക്കുക ഭൗതികതയിലാണ്. ഇത് ഖുർആൻ പച്ചയായി അനാവരണം ചെയ്യുന്നുണ്ട്. "ഇബ്റാഹീം പറഞ്ഞു: അല്ലാഹുവിനു പുറമെ നിങ്ങൾ ചില വിഗ്രഹങ്ങളെ സ്വീകരിച്ചിരിക്കുന്നത് ഇഹലോക ജീവിതത്തിൽ നിങ്ങൾക്കിടയിലുള്ള സ്നേഹബന്ധം കാരണം മാത്രമായാണ്........" (*അൽഅൻകബൂത്ത്* 25). ഈ സൂക്തം വിശദീകരിച്ചുകൊണ്ട് സയ്യിദ് ഖുത്വ്ബ് എഴുതുന്നു: "നിങ്ങൾ അല്ലാഹുവെ കൂടാതെ മറ്റു ദൈവങ്ങളെ സ്വീകരിക്കുന്നത് വിശ്വാസത്തിന്റെ ഭാഗമായോ, അവർ ആരാധന അർഹിക്കുന്നു എന്നതിനാലോ അല്ല. നിങ്ങൾ അന്യോന്യം പ്രീണിപ്പിക്കുകയും ആരാധനയിൽ തമ്മിൽ യോജിക്കുകയുമാണ്. സത്യം ബോധ്യമാകുമ്പോൾ ആരാധന നിർത്താൻ നിങ്ങൾ ഉദ്ദേശിക്കുന്നില്ല.......... ആദർശത്തെ കാര്യമായി കണക്കിലെടുക്കാത്ത എല്ലാ സമൂഹങ്ങളിലും ഇതാണ് നടക്കുന്നത്" (*ഫീ ളിലാലിൽ ഖുർആൻ*).

ഏകദൈവചിന്ത മനുഷ്യന്റെ നൈസർഗിക ബോധ്യമാണെന്നും ബഹുദൈവവിശ്വാസം അതിൽനിന്നുള്ള വ്യതിചലനമാണെന്നും ഖുർആൻ പറയുന്നു: "നിന്റെ നാഥൻ, ആദം സന്തതികളുടെ മുതുകുകളിൽനിന്ന് അവരുടെ സന്താന പരമ്പരകളെ പുറത്തെടുക്കുകയും അവരുടെ മേൽ അവരെത്തന്നെ സാക്ഷികളാക്കുകയും ചെയ്ത സന്ദർഭം. അവൻ ചോദിച്ചു: നിങ്ങളുടെ നാഥൻ ഞാനല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങളതിന് സാക്ഷ്യം വഹിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേൽപു നാളിൽ, ഞങ്ങൾ ഇതേക്കുറിച്ച് അശ്രദ്ധരായിരുന്നുവെന്ന് നിങ്ങൾ പറയാതിരിക്കാനാണിത്. അല്ലെങ്കിൽ നിങ്ങളിങ്ങനെ പറയാതിരിക്കാൻ: വളരെ മുമ്പുതന്നെ ഞങ്ങളുടെ പൂർവ പിതാക്കൾ അല്ലാഹുവിൽ പങ്കു ചേർത്തിരുന്നു. അവർക്കു ശേഷം വന്ന അവരുടെ പിൻമുറക്കാർ മാത്രമാണ് ഞങ്ങൾ. എന്നിട്ടും ആ ദുരാചാരികൾ പ്രവർത്തിച്ചതിന്റെ പേരിൽ ഞങ്ങളെ ശിക്ഷിക്കുകയോ?" (*അൽഅഅ്റാഫ്* 173).

## നിർഭയത്വം നൽകുന്ന ഏകദൈവവിശ്വാസം

ദൈവേതര വ്യാജ ദിവ്യന്മാരെ പേടിക്കാനും അവർക്ക് കീഴൊതുങ്ങാനും ഉപദേശിക്കുന്ന ബഹുദൈവത്വവാദികളെ ഖുർആൻ വിചാരണ ചെയ്യുന്നത് ഇബ്റാഹീം നബി നടത്തിയ ഒരു സംവാദത്തിലൂടെയാണ്: "തന്റെ ജനം ഇബ്റാഹീമിനോട് തർക്കത്തിലേർപ്പെട്ടു. അപ്പോൾ അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ കാര്യത്തിലാണോ നിങ്ങളെന്നോട് തർക്കിക്കുന്നത്? അവൻ എന്നെ നേർവഴിയിലാക്കിയിരിക്കുന്നു. നിങ്ങൾ അവന്റെ പങ്കാളികളാക്കുന്ന ഒന്നിനെയും ഞാൻ പേടിക്കുന്നില്ല. എന്റെ നാഥൻ ഇഛിക്കുന്നതല്ലാതെ ഒന്നും ഇവിടെ സംഭവിക്കുകയില്ല. എന്റെ നാഥന്റെ അറിവ് എല്ലാറ്റിനെയും ഉൾക്കൊള്ളുന്നു. എന്നിട്ടും നിങ്ങൾ ചിന്തിച്ച് മനസ്സിലാക്കുന്നില്ലേ? നിങ്ങൾ അല്ലാഹുവിന് പങ്കാളികളാക്കുന്നവയെ ഞാനെങ്ങനെ പേടിക്കും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്കൊരു തെളിവും തന്നിട്ടില്ലാത്തവയെ അവനിൽ പങ്കാളികളാക്കുന്നതിനെക്കുറിച്ച് ഭയപ്പെടുന്നുമില്ല. നാം ഇരുവിഭാഗങ്ങളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹർ? നിങ്ങൾക്ക് തിരിച്ചറിവുണ്ടെങ്കിൽ പറയൂ, വിശ്വസിക്കുകയും വിശ്വാസത്തെ വികല ധാരണകളാൽ വികൃതമാക്കാതിരിക്കുകയും ചെയ്തവർക്ക് ഒന്നും പേടിക്കേണ്ടതില്ല, നേർവഴി പ്രാപിച്ചവരും അവർ തന്നെ" (*അൽഅൻആം* 80-82). തികഞ്ഞ ഏകദൈവവിശ്വാസികൾക്കേ ഇഹലോകത്തും പരലോകത്തും യഥാർഥ നിർഭയാവസ്ഥയുള്ളൂ എന്ന ഖുർആന്റെ ആവർത്തിച്ചുള്ള പ്രഖ്യാപനം അടിവരയിടേണ്ടതാണ്. പല ദൈവങ്ങളെ വണങ്ങേണ്ടിവരുന്ന ബഹുദൈവവിശ്വാസികളുടെ ഗതികേടിനെ സോദാഹരണം ഖുർആൻ ചിത്രീകരിക്കുന്നത് കാണുക: "അല്ലാഹു ഒരുദാഹരണം സമർപ്പിക്കുന്നു: ഒരു മനുഷ്യൻ. അനേകമാളുകൾ അവന്റെ ഉടമസ്ഥതയിൽ പങ്കാളികളാണ്. അവർ പരസ്പരം കലഹിക്കുന്നവരുമാണ്. മറ്റൊരു മനുഷ്യൻ, ഒരു ജയമാനനു മാത്രം കീഴ്പ്പെട്ട് കഴിയുന്നവനാണയാൾ. ഈ രണ്ടു പേരും സമമാണോ? അല്ലാഹുവിന് സ്തുതി. എന്നാൽ അവരിലേറെ പേരും കാര്യം ഗ്രഹിക്കുന്നില്ല" (*അസ്സുമർ* 29).

പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളത്രയും ഏകദൈവത്തെ സ്ഥാപിക്കുന്നവയാണെങ്കിലും അവയൊന്നും കണ്ടില്ലെന്നു വെച്ച് ബഹുദൈവവിശ്വാസത്തിലേക്ക് വഴിമാറാനാണ് പൊതുവെ മനുഷ്യർക്കു താൽപര്യം. "ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര അടയാളങ്ങളുണ്ട്. ആളുകൾ അവക്കരികിലൂടെ നടന്നുനീങ്ങുന്നു. എന്നിട്ടും അവർ അവയെ അപ്പാടെ അവഗണിക്കുകയാണ്. അവരിൽ ഏറെപ്പേരും അല്ലാഹുവിൽ മറ്റുള്ളവരെ പങ്കുചേർത്തുകൊണ്ടല്ലാതെ അവനിൽ വിശ്വസിക്കുന്നില്ല" (*യൂസുഫ്* 105,106). സാധാരണയായി കണ്ടുവരുന്ന ഒരു സത്യം എത്ര തന്മയത്വത്തോടെയാണ് ഖുർആൻ വിവരിച്ചിരിക്കുന്നത്. ചരിത്രത്തിൽ ഏതു കാലത്തും ബഹുദൈവവാദികൾക്കായിരുന്നു ഭൂരിപക്ഷം. ഏകദൈവവിശ്വാസികളായ സത്യവിശ്വാസികൾ ന്യൂനപക്ഷമായിരുന്നു. നബി(സ) പറഞ്ഞു: "ബഹുദൈവവിശ്വാസികളുമായി താരതമ്യം ചെയ്യുമ്പോൾ നിങ്ങളുടെ എണ്ണം, കറുത്ത കാളയുടെ തുകലിൽ വെളുത്ത രോമവും ചുവന്ന കാളയുടെ തുകലിൽ കറുത്ത രോമവും എത്ര കുറവാ

യിരിക്കുമോ അതുപോലെ കുറവായിരിക്കും" (ബുഖാരി). ആരാധനാരംഗത്തെ ശിർക്കിനെതിരെ രംഗത്തുള്ളവർ സാമൂഹിക, രാഷ്ട്രീയാദി മേഖലകളിലെ ദൈവേതര കൈയേറ്റത്തെ മത-രാഷ്ട്ര വിഭജനത്തിലൂടെ ന്യായീകരിക്കുന്നതാണ് നാം കാണുന്നത്. തൗഹീദ് സ്ഥാപിച്ചുകൊണ്ടുള്ള ഖുർആൻ സൂക്തങ്ങളും നബിവചനങ്ങളും ഉപയോഗിച്ചുതന്നെ തൗഹീദിന് വിരുദ്ധമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരുമുണ്ട്. എങ്ങനെ നോക്കിയാലും യഥാർഥ തൗഹീദിനു വേണ്ടി നിലകൊള്ളുന്നവർ ന്യൂനപക്ഷം തന്നെ!

## യുക്തിചിന്തയെ തട്ടിയുണർത്തുന്നു

ഖുർആൻ ശിർക്കിനെ കടപുഴക്കുന്നതും തൗഹീദ് സ്ഥാപിക്കുന്നതും ഏവർക്കും ഗ്രാഹ്യമായ, വളരെ പ്രാഥമികമായ യുക്തിചിന്തയിലൂടെയാണ്. ചില മാതൃകകൾ കാണുക. മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന ബഹുദൈവവിശ്വാസികളുടെ വാദത്തെ, പ്രവാചകന്റെ കാലത്ത് കുഴിച്ചു മൂടപ്പെട്ട പെൺകുട്ടികൾക്കു നേരെ അവർ വെച്ചുപുലർത്തിയിരുന്ന മനോഭാവം എടുത്തു കാണിച്ചാണ് ഖുർആൻ ഖണ്ഡിക്കുന്നത്. ആരാധനാരംഗത്തെ ഒരു വൈകൃതത്തെ സാമൂഹിക ജീവിതത്തിലെ ഒരു വൈകൃതം എടുത്തു കാണിച്ച് ചോദ്യം ചെയ്യുന്നു: "അല്ലാഹുവിന് പെൺമക്കളുണ്ടെന്ന് അവർ ആരോപിക്കുന്നു- അവൻ എത്ര പരിശുദ്ധൻ! അവർക്കോ അവർ ഇഷ്ടപ്പെടുന്നതും. അവരിലൊരാൾക്ക് പെൺകുട്ടി പിറന്നതായി സന്തോഷ വാർത്ത ലഭിച്ചാൽ ദുഃഖത്താൽ അവന്റെ മുഖം കറുത്തിരുളും. തനിക്കു ലഭിച്ച സന്തോഷ വാർത്തയുണ്ടാക്കുന്ന അപമാനത്താൽ അവൻ ആളുകളിൽനിന്ന് ഒളിഞ്ഞുമറയുന്നു. അയാളുടെ പ്രശ്നം, അപമാനം സഹിച്ച് അതിനെ നിലനിർത്തണമോ അതല്ല മണ്ണിൽ കുഴിച്ചുമൂടണമോ എന്നതാണ്............" (*അന്നഹ്ൽ* 57-59).

അല്ലാഹുവിന് പുത്രനുണ്ടെങ്കിൽ, ആ പുത്രനെ ആദ്യം ആരാധിക്കുക ഞാനാണെന്നു പറഞ്ഞ് ശത്രുക്കളെ നിരായുധരാക്കാൻ ഖുർആൻ നബിയെ ഉപദേശിക്കുന്നു (*അസ്സുഖ്റുഫ്* 81). ഈസാ നബിയെ ദൈവപുത്രനാക്കിയ ക്രൈസ്തവരുടെ വിശ്വാസ വ്യതിയാനത്തെ, ആഹാരം കഴിച്ചിരുന്നയാളെങ്ങനെയാണ് ദൈവമാകുക എന്നു ചോദിച്ച് തിരുത്തുന്നു (*അൽമാഇദ* 75).

വെറും അടിമകളും സൃഷ്ടികളും യാതൊന്നും സൃഷ്ടിക്കാത്തവരും സ്വന്തത്തെപോലും സഹായിക്കാൻ കഴിയാത്തവരുമായ ആളുകളുടെ പേരിൽ ദിവ്യത്വം ആരോപിക്കുന്നവരെ, വ്യാജദൈവങ്ങൾ ഉത്തരം ചെയ്യുന്നത് കാണിച്ചു തരൂ എന്ന് വെല്ലുവിളിക്കുന്നു (*അൽഅഅ്റാഫ്* 191-195). പിതാവില്ലാതെ ജനിച്ചു എന്ന അത്ഭുതത്തെ മറയാക്കി യേശുവിനെ ആരാധിക്കുന്നവരെ, പിതാവ് മാത്രമല്ല, മാതാവും ഇല്ലാത്ത ആദമിനെ ഉദാഹരിച്ച് (*ആലുഇംറാൻ* 59) നിരായുധരാക്കുന്നു. അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നവരുടെ ഉപമ ഇങ്ങനെയാണ്: "അവനോട് മാത്രമാണ് യഥാർഥ പ്രാർഥന. അവനെ കൂടാതെ ഇക്കൂട്ടർ ആരോടൊക്കെ പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവോ അവർക്കൊന്നും ഒരുത്തരവും നൽകാനാവില്ല. വെള്ളത്തിലേക്ക് ഇരുകൈകളും നീട്ടി അത് വായിലെത്താൻ കാത്തിരിക്കുന്നവനെപ്പോലെയാണവൻ. വെള്ളം അങ്ങോട്ടെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന പൂർണമായും പാഴായതുതന്നെ" (*അർറഅ്ദ്* 14). "മനുഷ്യരേ, ഒരുദാഹരണമിങ്ങനെ വിശദീകരിക്കാം. നിങ്ങളിത് ശ്രദ്ധയോടെ കേൾക്കുക: അല്ലാഹുവിനെ കൂടാതെ നിങ്ങൾ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം ഒരുമിച്ചു ചേർന്നു ശ്രമിച്ചാലും ഒരീച്ചയെപോലും സൃഷ്ടിക്കാൻ അവർക്കാവില്ല. എന്നല്ല, ഈച്ച അവരുടെ പക്കൽ നിന്നെന്തെങ്കിലും തട്ടിയെടുത്താൽ അത് തിരിച്ചെടുക്കാൻ പോലും അവർക്കു സാധ്യമല്ല. സഹായം തേടുന്നവനും തേടപ്പെടുന്നവനും ഏറെ ദുർബലർ തന്നെ" (*അൽഹജ്ജ്* 73).

## ഏകദൈവവിശ്വാസികളുടെ ബാധ്യത

തൗഹീദിന്റെ പ്രഥമ വക്താക്കളാകേണ്ടുന്ന മുസ്‌ലിംകളിൽ സമഗ്ര തൗഹീദ് ദർശനം സജീവ ചർച്ചാ വിഷയമാകാൻ ആസൂത്രിത ശ്രമങ്ങളുണ്ടാവേണ്ടതുണ്ട്. സമുദായത്തിലെ ഭൂരിപക്ഷത്തെ പ്രതിനിധീകരിക്കുന്ന വിഭാഗങ്ങളുടെ മദ്റസകളിൽ കർമശാസ്ത്രത്തിനു ലഭിക്കുന്നതിന്റെ ഒരു ശതമാനം പരിഗണന പോലും തൗഹീദിന് ലഭിക്കുന്നില്ല. ഐക്യത്തിന്റെ പേരിൽ ഈ രംഗത്ത് മൗനം പാലിച്ചുകൂടാ. ജുമുഅ ഖുത്വ്ബകളിൽ ഇവ്വിഷയകമായി പഠനപ്രധാനമായ ഉദ്ബോധനങ്ങൾ ഉണ്ടാവണം. ഖുർആന്റെ അകക്കാമ്പിലേക്കിറങ്ങാൻ സാധാരണക്കാർക്ക് അവസരങ്ങളൊരുക്കണം. അർഥവും ആശയവും അറിയാതെയുള്ള ഖുർആൻ പാരായണത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടുകൾ തിരുത്തപ്പെടണം. യാഥാസ്ഥിതിക വിഭാഗങ്ങൾ പോലും അർഥാശയ ബോധത്തോടെയുള്ള ഖുർആൻ പഠനത്തെ പ്രോത്സാഹിപ്പിച്ചു തുടങ്ങുന്ന ഇക്കാലത്ത് പ്രത്യേകിച്ചും. "ഈ ഗ്രന്ഥം (ഖുർആൻ) മനുഷ്യരാശിയെ ഭൗതികവും മതപരവുമായ നന്മകളിലേക്കും പുരോഗതിയിലേക്കും വിജയത്തിലേക്കും നയിക്കുന്നു. ഖുർആൻ പഠനത്തിലൂടെയല്ലാതെ മനുഷ്യന് വിജയിക്കുക സാധ്യമല്ല. ഖുർആൻ സൂക്തങ്ങളിലെ ദൈവിക യാഥാർഥ്യങ്ങളെയും നിഗൂഢാംശങ്ങളെയും അർഥം, വിശദീകരണം, മനനം എന്നിവയിലൂടെ സ്വായത്തമാക്കണം. അഗാധമായ പഠനത്തിന് കഴിയാത്തവർക്കും ഖുർആനോട് ചില കടമകളുണ്ട്. ഖുർആൻ പാരായണവും ശ്രവണവും നോക്കലും ഇബാദത്താണ്, അർഥമറിയില്ലെങ്കിലും"' (*കിതാബുൽ അഖ്‌ലാഖ്*, ആറാംതരം, സമസ്ത കേരള വിദ്യാഭ്യാസ ബോർഡ്, പേജ് 13, 1997).

സാധാരണക്കാരെ ലക്ഷ്യം വെച്ചുള്ള ബോധവത്കരണ പഠനക്ലാസ്സുകൾ വ്യാപകമായി നടക്കണം. വിഷയസമർഥനത്തിൽ ഖുർആൻ മുഖ്യ സ്രോതസ്സാവണം. തൗഹീദിനെ സമഗ്രമായും സമർഥമായും സമർപ്പിക്കാൻ കഴിയുന്ന പ്രബോധകരെ പരിശീലിപ്പിച്ചെടുക്കണം. പുതിയ വെല്ലുവിളികൾ കൂടി പരിഗണിച്ചുകൊണ്ട് തൗഹീദിനെ സമഗ്രമായി പരിചയപ്പെടുത്തുന്ന ഖുർആനിക പഠനഗ്രന്ഥങ്ങൾ തയാറാക്കണം. സമുദായ നേതാക്കളും പണ്ഡിതന്മാരും സമൂഹ മധ്യേ വിചാരണ ചെയ്യപ്പെടണം.

ആൾദൈവങ്ങൾക്കെതിരെ രംഗത്തുള്ള യുക്തിവാദികളും കമ്യൂണിസ്റ്റുകളും ഒരു മിഥ്യക്കു പകരം മറ്റൊരു മിഥ്യയെ സ്ഥാപിക്കാനുള്ള ശ്രമത്തിലാണ്. 'പുറത്തു കടക്കാനാകാത്ത വിധം ഇരുളുകളിൽ പെട്ടവർ' (*അൽഅഅ്റാഫ്* 122) എന്ന ഖുർആനിക പ്രയോഗം ശ്രദ്ധിക്കുക. എല്ലാ മിഥ്യകൾക്കും മീതെ ഏകദൈവമെന്ന പരമ സത്യത്തെ സ്ഥാപിക്കാൻ ഖുർആനിക പ്രതിരോധവും പ്രത്യാക്രമണവും കൊണ്ടേ സാധിക്കൂ. ഇസ്‌ലാമിനെ സമ്പൂർണമായി ഉൾക്കൊള്ളുകയും പ്രബോധനം നടത്തുകയും ചെയ്യുന്നവർക്ക് മാത്രമാണ് ഫലപ്രദമായി അത് നിർവഹിക്കാനാവുക. ■